# KSFESA - KSFEOU STATE CO-ORDINATION COMMITTEE

സർക്കുലർ നമ്പർ 2/2015 — 21.07.2015

സഖാക്കളേ,

കോ ഓർഡിനേഷൻ സംയുക്ത പ്രക്ഷോഭങ്ങൾ മൂലം മാനേജ്മെന്റ് നാം ഉന്നയിച്ച പ്രശ്നങ്ങളിൽ ചർച്ചയ്ക്ക് സന്നദ്ധമായി. വർക്കുമെൻ സംഘടനകളുമായി ജൂലൈ 9-നും ഓഫീസേഴ്സ് യൂണിയനുമായി ജൂലൈ 21-നുമാണ് ചർച്ച നടത്തിയത്. വർക്കുമെൻ വിഭാഗത്തിലെ ഭൂരിപക്ഷം അലവൻസുകളും ധാരണയായിട്ടുണ്ട്. അസിസ്റ്റന്റ് മാനേജർ കേഡർ പ്രൊമോഷൻ 24-ന് ചേരുന്ന ബോർഡ് യോഗത്തിൽ തീരുമാനമാകുമെന്നും മാനേജ്മെന്റ് അറിയിച്ചു. ശമ്പള പരിഷ്ക്കരണത്തിന്റെ തുടർ ചർച്ചയ്ക്കായി 22, 23 തിയതികളിൽ ക്ഷണിച്ചിട്ടുണ്ട്. ഓഫീസേഴ്സ് യൂണിയനുമായി നടത്തിയ ചർച്ചയിൽ സ. യഹിയയുടെ സസ്പെൻഷൻ പിൻവലിച്ച് ഉടൻ സർവ്വീസിൽ പ്രവേശിപ്പിക്കാമെന്നും ഓഫീസർമാരുടെ ശമ്പള പരിഷ്ക്കരണം ഓഗസ്റ്റ് 8-നുമുമ്പായി ചർച്ച ചെയ്ത് കരാർ ആക്കാമെന്നും, അസിസ്റ്റന്റ് മാനേജർ പ്രൊമോഷൻ, ട്രാൻസ്ഫർ, മാനേജർ ട്രാൻസ്ഫർ എന്നിവ ജൂലൈ 31-നുമുമ്പ് ഉത്തരവാക്കാമെന്നും ധാരണയായി. പണിമുടക്ക് നോട്ടീസ് നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ നമ്മുടെ സഖാക്കളെ വിദൂരത്തേയ്ക്ക് സ്ഥലം മാറ്റിയത് റദ്ദാക്കാമെന്നും മറ്റുള്ളവരുടെ തുടർശിക്ഷാനടപടികൾ നിർത്തിവെയ്ക്കാമെന്നും ധാരണയായി.

തുടർന്ന് കോ-ഓർഡിനേഷൻ സംസ്ഥാന സമിതി കൂടിയാലോചിച്ച് നൽകിയ ഉറപ്പുകളും ധാരണയും പാലിച്ച് ജീവനക്കാരുടെ പ്രശ്നങ്ങൾ സമാധാനപരമായ അന്തരീക്ഷത്തിൽ ചർച്ചയിലൂടെ പരിഹരിക്കുന്നതിനുവേണ്ടി നാം പ്രഖ്യാപിച്ച ജൂലൈ 23-ന്റെ പണിമുടക്ക് മാറ്റിവെയ്ക്കാൻ തീരുമാനിച്ചു. ധാരണയിൽ നിന്നും പിന്നോക്കം പോയാൽ ശക്തമായ പ്രക്ഷോഭത്തിന് നാം തയ്യാറാകുമെന്നും മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

ജി. തോമസ് പണിക്കർ
GS, KSFE OU

എസ്. മുരളീകൃഷ്ണപിള്ള
GS, KSFE SA